**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 467** — **22/03/2018-ൽ മറുപടിയ്ക്ക്**

## സഹകരണ മേഖലയിലെ വൈവിധ്യവത്ക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡി.കെ. മുരളി<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. ഒ. ആർ. കേളു | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ വൈവിധ്യവത്ക്കരിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ വൈവിദ്ധ്യവത്ക്കരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം മുതൽ ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സംരംഭകത്വ പദ്ധതി പുതിയതായി വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലകളിലെ സുശക്തമായ പ്രൈമറി അഗ്രിക്കൾച്ചർ ക്രഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് സുലഭമായി ലഭിക്കുന്ന കൃഷി ഉത്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ അതാത് സൊസൈറ്റികൾ തന്നെ ഉത്പന്നങ്ങൾ പ്രോസസ് ചെയ്യുകയും വിപണിയിൽ ഇറക്കുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂല്യ വർദ്ധനവ്, പ്രോസസിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. |
| (ബി) | ഇതിനായി സഹകരണ സംരംഭകത്വം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് സഹകരണ സംരംഭകത്വ പദ്ധതിക്കുള്ള 300 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ഈ പുതിയ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലേയും പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉത്പ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനത്ത് നല്ലരീതിയിൽ പ്രവർത്തിക്കുന്നതും അനുയോജ്യമായതുമായ സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ